]ശ്രീ. പി. ഗോപാലൻ]

ഉദ്ദേശിക്കുന്നതു്. ശ്രീ. എസ്. കുമാരന്റെ 42—ാം ചോദ്യത്തിനുത്തരമായി കഴിഞ്ഞമാസം 27—ാംനു- മേശപ്പുറത്തു വച്ച ഉത്തരത്തിൽ സ്റ്റോറു് കോട്ടായിൽ കാറു വാങ്ങിച്ചവരുടെ കൂട്ടത്തിൽ പി. ഗോപാലൻ, കാൺഗ്രസ്സു് ഹൗസു്, തിരുവനന്തപുരം. എന്നുകൂടി കാണുന്നുണ്ടു്. അതിനുശേഷം, പത്രങ്ങളിൽ വന്നവാർത്തയിൽ പി. ഗോപാലൻ എം. എൽ. എ. ഈ സ്റ്റോറു് കോട്ടയിൽനിന്നു കാറു നൽകിയിരിക്കുന്നു എന്നു കണ്ടു. അപ്പോഴാണു് ഞാൻ അതു ശ്രദ്ധിച്ചതു്. ഇതു് ഞാനാണെങ്കിൽ എനിക്കു് അങ്ങനെ കാറുകിട്ടിയിട്ടില്ലെന്നുള്ളതാണു് നേരു്. 3 കൊല്ലംമുമ്പു് ഒരു അംബാസിഡർകാർ എനിക്കു് അനുവദിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ എനിക്കു് അതു വാങ്ങാൻ കഴിയാത്തതുകൊണ്ടു് അതിന്റെ ആവശ്യമില്ലെന്നു് ഞാൻ എഴുതിക്കൊടുത്തിട്ടുണ്ടു്. പിന്നെ ഞാൻ ഒരു സ്റ്റാൻഡേർഡു് കാറിനു അപേക്ഷിച്ചിട്ടു അനുവദിച്ചു കിട്ടിയിട്ടില്ല. അതുകൊണ്ടു ആ ഉത്തരത്തിൽ വന്നിട്ടുള്ള പിശകു തിരുത്തണമെന്നപേക്ഷിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ഈ പിശകു വന്നുപോയിട്ടുണ്ടെങ്കിൽ ഞാൻ അതു പരിശോധിക്കാം. ശ്രീ. പി. ഗോപാലൻ ഉൾപ്പെടെ രണ്ടോ മൂന്നോ മെംബർമാർ കാറിനു ആവശ്യപ്പെട്ട അപേക്ഷ ചെയ്യുകയും പിന്നെ അവർ ആവശ്യമില്ലെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ക്യാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ആദ്യം അപേക്ഷ ചെയ്ത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ വന്നതാണോ എന്നു് അറിഞ്ഞുകൂടാ. ശ്രീ. പി. ഗോപാലൻ എന്നു പറഞ്ഞതു് അദ്ദേഹത്തെ ഉദ്ദേശിച്ചാണു്. ഇവിടെ തന്ന ലിസ്റ്റിൽ വല്ല തെറ്റും വന്നിട്ടുണ്ടോ എന്നു നോക്കാം. അതു് ഇന്നുതന്നെ പരിശോധിച്ചു് തെറ്റു വന്നിട്ടുണ്ടെങ്കിൽ തിരുത്താം.

## PAPERS LAID ON THE TABLE

*Chief Minister* (**Shri R. Sankar**): Sir, I lay on the Table a copy of the Budget Estimates for 1964-65 and Supplementary Financial Statement for 1963-64 as required under sub sections (3) and (5) of Section 61 of the Electricity (Supply) Act 1948 (Central Act o. 54 of 1948).

### Presentation of Reports

*Minister for Food and Agriculture*: (**Shri E. P. Poulose**): Sir, I present the Report of the Select Committee on the Kerala Land Development Bill, 1963. M/s. T. K. Ramakrishnan, K.V. Narayanan and K. Krishnan have given a dissenting note.

**Shri K. C. Abraham**: Sir, I Chairman, Estimates Committee, present the Eighth Report of the Estimates Committee on the Agriculture Department.

## LEGISLATIVE BUSINESS

### The Kerala Panchayat Union Councils and Zilla Parishads Bill 1964.

**Mr. Speaker**: Shri P. S. Sreenivasan was speaking on the Bill when we adjourned last time. The hon. Member may continue his speech.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, കഴിഞ്ഞ ദിവസം ഈ ബില്ലിനെക്കുറിച്ചു ഞാൻ സംസാരിച്ചപ്പോൾ പ്രധാനമായും പറഞ്ഞതു്, യൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലുകൾക്കു. ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടന്ന മറ്റു സ്വയംഭരണ സ്ഥാപനങ്ങൾക്കും കൂടുതൽ അധികാരങ്ങൾ വേണമെന്നുള്ളതാണു്. അതു പോലെ ജില്ലാ കൗൺസിലുകൾ പൂർണ്ണമായും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരടങ്ങുന്നതായിരിക്കണമെന്നും അതിന്റെ ചെയർമാൻ തെരഞ്ഞെടുക്കപ്പെട്ടവരിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരാളായിരിക്കണമെന്നും എല്ലാമായിരുന്നു. സർ, ഈ ബില്ലിൽ യൂണിയൻ കൗൺസിലുകളെ സംബന്ധിച്ചു പറയുന്നതു

"Basic unit of the planning and development of the state".

എന്നാണു്. പ്ലാനിംഗിന്റെയും ഡെവലപ്പ്മെന്റിന്റെയും ബേസിക്ക് യൂണിറ്റ്സ്, യൂണിയൻ കൗൺസിലുകളാണെന്നാണു് പറയുന്നതു്. അങ്ങനെ ഒരു കാഴ്ചപ്പാട് ശരിയല്ല. ബേസിക്ക് യൂണിറ്റ്സ് പഞ്ചായത്തുകൾതന്നെ ആയിരിക്കണം. അതിനനുസരണമായിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും പഞ്ചായത്തുകൾക്കുണ്ടായിരിക്കണം. ആ അധികാരങ്ങൾ യൂണിയൻ കൗൺസിലുകൾക്ക് എടുത്തുകൊടുക്കാൻ പാടില്ലാ. യൂണിയൻ കൗൺസിലുകൾ എന്നു പറയുന്നതു്, ഈ പഞ്ചായത്തുകളുടെ ഒരു ഏകീകരണ സമിതിയായിട്ടോ കോ ആർഡിനേറ്റു ചെയ്യാൻ കഴിയുന്ന ഘടകമായിട്ടോ ആയിരിക്കണം രൂപീകൃതമാക്കേണ്ടതു്. അതിനനുസരണമായിട്ടാണു് ഈ സ്ഥാപനങ്ങളുടെ ഘടനയും രൂപവും വരേണ്ടതു്. ഇവിടെ ബേസിക്ക് യൂണിറ്റ്സായി യൂണിയൻ കൗൺസിലുകളെയാണുദ്ദേശിച്ചിരിക്കുന്നതു്. യൂണിയൻ കൗൺസിലുകളെപ്പറ്റിയും ജില്ലാ പരിഷത്തിനെപ്പറ്റിയും മറ്റും, അവയുടെ ഘടനയും രൂപവും പ്രവർത്തനവും ഇവയെപ്പറ്റിയുമെല്ലാം നമ്മുടെ ഭരണ പരിഷ്ക്കാരക്കമ്മിറ്റി വളരെ വിശദമായി ചർച്ചചെയ്യുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അതിൽ വില്ലേജാഫീസുകളുടെ പ്രവർത്തനംതന്നെ, വില്ലേജാഫീസർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം പഞ്ചായത്തുകളുടെ പ്രവർത്തനവുമായി സംയോജിപ്പിക്കണം എന്നു പറയുന്നുണ്ടു്. അതു ഒരു യൂണിറ്റിന്റെ കീഴിലുള്ള പ്രവർത്തന ഘടകങ്ങളായി മാറണമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഇന്നത്തെ നമ്മുടെ കാഴ്ചപ്പാട് പഞ്ചായത്തുകളും, യൂണിയൻ കൗൺസിലുകളും ജില്ലാ പരിഷത്തും എല്ലാം പ്രധാനമായി ഇന്നു സ്വയംഭരണ സ്ഥാപനങ്ങളും ചെയ്യുന്ന ചില പ്രത്യേക മേഖലകളിലെ പരിമിതമായ ജോലികളും ചെയ്യുക എന്നുള്ളതു മാത്രമാണു്. അതു മാറ്റിട്ട് ഭരണത്തിന്റെയും വികസനത്തിന്റെയും അടിസ്ഥാന ഘടകങ്ങളും എന്നുള്ള സ്ഥാനം അതിനുണ്ടായിരിക്കണം. എങ്കിൽ മാത്രമേ അതിൽ നാം ഉദ്ദേശിക്കുന്ന ഗുണമുണ്ടാകുകയുള്ളു. ഭരണത്തിൽ ജനങ്ങൾക്ക് സജീവമായി പങ്കെടുക്കാൻ കഴിയത്തക്ക രീതിയിൽ അതിന്റെ പ്രവർത്തനത്തിൽ മാറ്റം വരുത്തണമെന്നുമാണു് എനിക്ക് അഭിപ്രായപ്പെടാനുള്ളതു്. യൂണിയൻ കൗൺസിലുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവ ഉണ്ടായി വരുമ്പോൾ ഇന്നത്തെ ഭൂമിശാസ്ത്രപരമായിട്ടുള്ള ഭരണവിഭജനത്തിലെ താലൂക്കിന്റെ സ്ഥാനമുണ്ടു്, ഈ കൗൺസിലുകളുടെ അധികാരാർത്തിയിലുള്ള സ്ഥലമടങ്ങുന്ന ഭരണ വികസന യൂണിറ്റു് നിലവിൽവരണം. അതായതു് താലൂക്കെന്ന നിലയിൽ പഞ്ചായത്തിന്റെയും ജില്ലയുടേയും ഇടയിലുള്ള യൂണിറ്റിനുള്ള സ്വയംഭരണ സ്ഥാപന ഭരണം. യൂണിയൻ കൗൺസിൽ. ഇതിനനുസൃതമായി താലൂക്കിന്റെ വലിപ്പത്തിൽ മാറ്റം വരുത്തേണ്ടിവരും. ഇന്നു് താലൂക്കാഫീസുകളിൽ നടക്കുന്നതായ പ്രവർത്തനങ്ങളും താലൂക്കാഫീസറന്മാർ നടത്തുന്നതായ പ്രവർത്തനങ്ങളും പൊതുമരാമത്തു്, വിദ്യാഭ്യാസം, മൃഗസംരക്ഷണം, ഇറിഗേഷൻ മുതലായ മറ്റു പ്രവർത്തനങ്ങളും—ഇതിലെ ഭരണത്തിന്റെയും വികസനത്തിന്റെയും പ്രവർത്തനങ്ങളും സംയോജിപ്പിക്കാനും മേൽനോട്ടം വഹിക്കാനും ഈ സമിതികൾക്ക് കഴിയുന്ന സ്ഥിതിയുണ്ടാവണം. ഈ കാഴ്ചപ്പാടോടെയായിരിക്കണം ഇപ്പോഴത്തെന്നെ നാം നിയമനിർമ്മാണം നടത്തേണ്ടതു്. ഇന്നത്തെ നിയമത്തിൽ ജില്ലാ പരിഷത്തിനെക്കുറിച്ചുള്ള കാര്യങ്ങൾ പരിശോധിച്ചു നോക്കുകയാണെങ്കിൽ അതിന്റെ അധികാരങ്ങളും അവകാശങ്ങളും വളരെ പരിമിതമാക്കിയിരിക്കുകയാണെന്നു കാണാം. ഇന്നത്തെ DDC. കളിൽ നിന്നു വ്യക്തമായ വ്യത്യാസമൊന്നുമില്ല. ഉപദേശം, കണക്കെടുപ്പു്, പ്രചരണം, മുതലായവയാണവക്കുള്ള ജോലി. ജനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും നൽകാതിരിക്കുകയും അവരുടെ മേൽ



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ പി. എസ്സ്. ശ്രീനിവാസൻ]

കൂടുതൽ ബാദ്ധ്യതകളും ഭാരങ്ങളും അടിച്ചേല്പിക്കുകയാണു് ഈ നിയമത്തിന്റെ പൊതുവായ പ്രവണത. യൂണിയൻ കൗൺസിലുകളുടെ വരുമാന മാർഗ്ഗത്തെപ്പറ്റി പറയുമ്പോഴും അതു വളരെ വ്യക്തമാണു്.

യൂണിയൻ കൗൺസിലുകൾക്കു കൂടുതൽ നികുതി ചുമത്താൻ അധികാരം കൊടുക്കുന്നുണ്ടു്. അതു ശരിയാണോ എന്നു നോക്കണം. പഞ്ചായത്തുകൾക്കു നൂറായിരം നികുതികളും പിരിക്കാൻ അധികാരം കൊടുത്തിട്ടുണ്ടു്. നമ്മുടെ ജനങ്ങൾക്കു ഇപ്പോഴുതന്നെ താങ്ങാൻവയ്യാത്ത തരത്തിലുള്ള നികുതിയാണു് ചുമത്തിയിരിക്കുന്നതു്. ഇനിയും നികുതി പിരിക്കാൻ കഴിയാത്ത വിധത്തിൽ നമ്മുടെ ജനങ്ങളുടെ സാമ്പത്തിക ശേഷിയും വരുമാനമാർഗ്ഗങ്ങളും ശോഷിച്ചുപോയിട്ടുണ്ടു്. അതുകൊണ്ടു് ഇനിയും നികുതിപിരിക്കാനുള്ള അധികാരം സ്വയംഭരണ ഘടകങ്ങൾക്കു കൊടുക്കുന്നതു വളരെ ആപൽക്കരമാണെന്നാണു് എനിക്കു് അറിയിക്കുവാനുള്ളതു്. പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു് ലോക്കൽ സെസ്സു് ഇനിയും ഒരേക്കറിനു ഒരു രൂപ എന്ന കണക്കിൽ പിരിക്കുന്നതിനുള്ള അവകാശം ഇതിൽ കൊടുക്കുന്നുണ്ടു്. അതിനു പുറമെ ലോക്കൽ സെസ്സിനു ഒരു സർചാർജ്ജുംകൂടി പിരിക്കാൻ അവകാശം നൽകുന്നു. കൂടാതെ "Duty on transfer of immovable property."ക്കുള്ള വ്യവസ്ഥയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതായതു് വസ്തു കൈമാറ്റത്തിനു ഒരു പുതിയ ഡ്യൂട്ടി ചുമത്താനുള്ള അവകാശം. അതുപോലെതന്നെ വിദ്യാഭ്യാസത്തിനു ഒരു പുതിയ സെസ്സു് ചുമത്താൻ ഉള്ള അവകാശം നൽകുന്നുണ്ടു്. എന്നു പറഞ്ഞാൽ ഇന്നുള്ള നികുതികളുടെ മേൽതന്നെ വീണ്ടും വീണ്ടും നികുതികൾ ചുമത്താനുള്ള അധികാരം കൊടുക്കുന്നുണ്ടു്. വിദ്യാഭ്യാസ സെസ്സുപോലുള്ള പുതിയ നികുതികളും ഏർപ്പെടുത്തുന്നു. അതു വേണമോ എന്നാലോചിക്കണം. ഇപ്പോഴത്തന്നെ നമ്മുടെ നികുതിഭാരം വളരെ വർദ്ധിച്ചിട്ടുണ്ടു്. 1950–51–ൽ കേന്ദ്രഗവണ്മെൻറിന്റെ നികുതി വരുമാനം 357 കോടി രൂപയായിരുന്നു. സ്റ്റേറ്റു ഗവണ്മെൻറുകളുടെ നികുതി വരുമാനം 281 കോടി രൂപയായിരുന്നു. 1960–61–ൽ കേന്ദ്രത്തിന്റേതു് 768 കോടി രൂപയും സ്റ്റേറ്റിന്റെതു് 611 കോടി രൂപയുമാണെന്നു പറഞ്ഞാൽ മുമ്പുണ്ടായിരുന്ന നികുതിയുടെ ഇരട്ടിയും മൂന്നിരട്ടിയും ആയി വർദ്ധിച്ചിട്ടുണ്ടു്. ഈ സാമ്പത്തിക വർഷത്തിൽ നമ്മുടെ മുഖ്യമന്ത്രിയടക്കം സംസ്ഥാന മന്ത്രിമാരും കേന്ദ്ര ധനകാര്യ മന്ത്രിയുംകൂടി 2700 കോടി രൂപയുടെ നികുതി ഭാരമാണു് നമ്മുടെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നതു്. ഇതിൽ 600 കോടി സംസ്ഥാനങ്ങളുടേതാണു്. ഇതിനു പുറമേ ഏതാണ്ടു് 200 കോടി രൂപയുടെ നികുതികൾ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും ചുമത്തിയിട്ടുണ്ടു്. റിസർവ് ബാങ്കിന്റെ ഒരു കണക്കെടുത്തപ്പോൾ നികുതി വരുമാനത്തെക്കുറിച്ചു പരിശോധിച്ചതിൽ കഴിഞ്ഞ 1955–56–ൽ ഉണ്ടായിരുന്നതിനേക്കാൾ സ്വയം ഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനം മൂന്നിരട്ടി വർദ്ധിച്ചിരിക്കുന്നുവെന്നാണു് പറഞ്ഞിട്ടുള്ളതു്. 63 സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പഠനം നടത്തിയിട്ടാണവർ ഈ നിഗമനത്തിലെത്തിയതു്. കേന്ദ്രഗവണ്മെൻറായാലും സംസ്ഥാന ഗവണ്മെൻറുകളായാലും, സ്വയംഭരണ സ്ഥാപനങ്ങളായാലും ജനങ്ങളുടെ മേൽ താങ്ങാൻ കഴിയാത്തവിധത്തിൽ നികുതിഭാരം വർദ്ധിച്ചിരിക്കുകയാണു്. അതുകൊണ്ടു് ഇനിയും പുതിയതായി നികുതി ചുമത്താനുള്ള അവകാശം കൊടുക്കുന്നതു ശരിയായിരിക്കുകയില്ല. ഗവണ്മെൻറു മറ്റു വരുമാന മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കണം. വില്ലേജ് ആഫീസുകൾക്കും താലൂക്കാഫീസുകൾക്കും ആഫീസറന്മാർക്കും മറ്റു ഭരണ ഘടകങ്ങൾക്കും ആവശ്യമായിട്ടുള്ള പണം ഗവണ്മെൻറു കാണുന്നുണ്ടു്. അതു നമ്മുടെ പൊതു വരുമാനത്തിൽനിന്നു കാണുന്നുണ്ടു്. അതുകൊണ്ടു പുതിയ നികുതി വരുമാനത്തെ കുറിച്ചാലോചിക്കാതെ മറ്റു വരുമാനത്തിനുള്ള മാർഗ്ഗം കണ്ടുപിടിക്കണം. നോൺ ടാക്സ് റവന്യു കണ്ടുപിടിക്കുന്നതിനെ സംബന്ധിച്ചു് ശ്രീ. ലാൽ ബഹദൂർ ശാസ്ത്രി ഇക്കഴിഞ്ഞ ദിവസവും പറഞ്ഞു. പഞ്ചായത്തുകളും മറ്റും സിനിമാ ശാലതുടങ്ങിയ സ്ഥാപനങ്ങളും നടത്തുന്നതിനെപ്പറ്റിയാണദ്ദേഹം പറഞ്ഞതു്. ഇവിടെ സിനിമാശാല നടത്തൽ എത്തു പ്രായോഗികമാണെന്നു എനിക്കു സംശയമുണ്ടു്, ചില സംസ്ഥാനങ്ങളിൽ മീൻവളർത്തലിൽനിന്നു പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിന് നല്ല വരുമാനം ലഭിക്കുന്നതായി അറിയാം. അതുപോലെ വരുമാനമുണ്ടാക്കാൻ കഴിയുന്ന സംരംഭങ്ങൾ എന്തൊക്കെയെന്ന് നോക്കുകയും അവ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് നടത്തിക്കുകയും വേണം. പൊതുഭരണച്ചിലവുകൾക്കുള്ള ഗ്രാന്റുകൾ ഗവണ്മെന്റ് നൽകുകയും വേണം.

സർ, ഇതിൽ ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പ് പ്രസംഗിച്ചിട്ടുള്ള സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചവ ഞാൻ ആവർത്തിക്കുന്നില്ല. അവർ സ്പർശിക്കാത്ത ചില കാര്യങ്ങൾകൂടി ഈ സഭയുടെ ശ്രദ്ധയിൽപെടുത്തണമെന്നു ഞാൻ വിചാരിക്കുന്നു. ഇതിലെ ക്ലാസ് 5-ൽ പറയുന്നതു ഏതെങ്കിലും ഒരു പഞ്ചായത്തു പ്രസിഡന്റു യൂണിയൻ കൗൺസിലിൽ അംഗമായിരിക്കാൻ വിസമ്മതിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ പഞ്ചായത്തു പ്രസിഡണ്ടു സ്ഥാനം പോകും എന്നാണു്. സർ, ഒരു പഞ്ചായത്തു പ്രസിഡന്റിനു ഒരു പഞ്ചായത്തു യൂണിയൻ കൗൺസിലിൽ അംഗമായിരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടാകുകയും അതേസമയം അദ്ദേഹത്തിനു ആ പഞ്ചായത്തിൽ പ്രസിഡണ്ടായിരിക്കണമെന്നുമുണ്ടെങ്കിൽ അങ്ങനെ അയാൾ യൂണിയൻ കൗൺസിലിൽ അംഗമായിരിക്കണമെന്നുള്ള കാര്യം നിർബന്ധിക്കരുതു്. പഞ്ചായത്തിലെ വൈസ് പ്രസിഡണ്ടോ മറ്റേതെങ്കിലും ഒരു മെമ്പറോയോ ഈ പഞ്ചായത്തു കൗൺസിലിലെ അംഗമായിരിക്കുന്നതിനു പഞ്ചായത്തു തീരുമാനിച്ചാൽ അംഗീകരിച്ചുകൊണ്ടു ആ പഞ്ചായത്തിന്റെ പ്രതിനിധിയായി വ്യവസ്ഥ ചെയ്യണം. അതുകൊണ്ടു് ഏതെങ്കിലും പഞ്ചായത്തു പ്രസിഡന്റു യൂണിയൻ കൗൺസിലിൽ അംഗമായിരിക്കാൻ വിസമ്മതിക്കുകയാണെങ്കിൽ പ്രസിഡണ്ടു സ്ഥാനം പോകും എന്നെഴുതിവച്ചിരിക്കുന്നതു ശരിയാണെന്നു എനിക്കഭിപ്രായമില്ല.

അതുപോലെതന്നെ ക്ലാസ് 5-ബി—യിൽ ഒരു എലക്ടോറൽ കാളേജിന്റെ കാര്യം പറയുന്നുണ്ടു്. അതു പഞ്ചായത്തുകളിലെ എലക്ടഡു് മെമ്പേഴ്സ് അടങ്ങുന്നതായിരിക്കുമെന്നാണു് പറയുന്നതു്. പഞ്ചായത്തുകളിൽ സ്ത്രീകൾക്കു നാമിനേഷൻ കൊടുക്കുന്നുണ്ടു്. അവർക്കുമറ്റു മെമ്പർമാർക്കുള്ള എല്ലാ അവകാശങ്ങളുമുണ്ടു്. ഇലക്ടഡു് മെമ്പേഴ്സിന്റെ എലക്ടോറൽ കാളേജു് എന്നു പറഞ്ഞാൽ നോമിനേറ്റു ചെയ്യപ്പെട്ട മെമ്പർമാരായിത്തീർന്നിട്ടുള്ള സ്ത്രീകൾക്കു പ്രാതിനിദ്ധ്യം കിട്ടാനിടയില്ല. അതുകൊണ്ടു് എലക്ടഡു് മെമ്പേഴ്സ് എന്നുള്ളതു് പഞ്ചായത്തു മെമ്പർ എന്നാക്കി മാറ്റം വരുത്തണം.

അതുപോലെ ക്ലാസ് 11, 12 ഇവയിൽ അയോഗ്യതകളെക്കുറിച്ചു പറയുമ്പോൾ ഒരാൾ ഏതെങ്കിലും കാരണത്താൽ ശിക്ഷിക്കപ്പെട്ടാൽ—അതായതു് ഇലക്ഷൻ സംബന്ധമായിട്ടുള്ള കുറ്റങ്ങൾക്കായി ശിക്ഷിക്കപ്പെട്ട എന്ന കാരണത്താൽ—അയാൾക്കു ആറുവർഷം കഴിഞ്ഞേ പിന്നെ നിൽക്കാൻ പാടുള്ളു എന്നാണു്. ജനപ്രാതിനിധ്യ നിയമത്തിൽപോലും ഇത്ര കാലദൈർഘ്യമില്ല. ഈ ആറുവർഷം എന്നുള്ളതു വളരെ കൂടുതലാണു്. അതു ചുരുക്കേണ്ടതാണു്.

അതുപോലെതന്നെ ക്ലാസ് 7-ൽ ഇലക്ഷൻ മാറ്റിവയ്ക്കാൻഗവണ്മെന്റിനു അവകാശം നൽകുന്നുണ്ടു്. അതു ഒരു പ്രത്യേക കാലത്തേക്കല്ലാ കൊടുക്കുന്നതു്. ഇന്നകാലത്തിനുള്ളിൽ ഇലക്ഷൻ നടത്തികൊള്ളണമെന്നല്ല. നേരെമറിച്ചു ടൈം ടു ടൈം എന്നാണു് പറയുന്നതു്. അങ്ങനെ ഒരു അവകാശം ഗവണ്മെന്റിനു കൊടുക്കുന്നതു വളരെ തെറ്റായ ഫലം ഉളവാക്കുമെന്നാണു് എന്റെ അഭിപ്രായം. കൂടെക്കൂടെ തിരഞ്ഞെടുപ്പുമാറ്റി വയ്ക്കാൻ ഇതു അവസരം നൽകും. അതുകൊണ്ടു എത്ര കൂടുതലായാലും വേണ്ടതില്ല, നീട്ടിവയ്ക്കാനുള്ള കാലത്തിനു ഒരു ക്രിയ്യത വരുത്തണം.

അതുപോലെതന്നെ ജില്ലാപരിഷത്തിന്റെ ഘടനയെ സംബന്ധിച്ചു് ഇതിൽ പറയുന്നതു് നാമിനേഷൻമൂലം സംഘടിപ്പിക്കുമെന്നാണു്. തിരഞ്ഞെടുപ്പുമൂലം വേണമെന്നു് നേരത്തേ പറഞ്ഞതാണു്. ഇതിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണു്. തിരഞ്ഞെടുപ്പുമൂലം സംഘടിപ്പിക്കാൻ തൽക്കാലം അസൗകര്യമുണ്ടെങ്കിൽ ചില പ്രത്യേക വിഭാഗക്കാർക്കു് അതിൽ പ്രാതനിദ്ധ്യം ഉണ്ടായിരിക്കണമെന്ന തത്വം അംഗീകരിക്കേണ്ടതാണു്. ഇപ്പോഴും തൊഴി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

ലാളി പ്രതിനിധികൾക്ക് പ്രാതിനിദ്ധ്യം നൽകിയിട്ടില്ല. വികസന പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനും മറ്റു സാമൂഹികപ്രവർത്തങ്ങൾക്കും ഒരു പ്രധാന ഘടകമായ തൊഴിലാളിവർഗ്ഗത്തെ അവഗണിക്കുന്നതു് ശരിയല്ല. തീച്ചയായും അവർക്ക് ഇതിൽ പ്രാതിനിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണു്.

അതുപോലെതന്നെ, വർക്കിംഗ് ജേർണലിസ്റ്റുകളുടെ പ്രാതിനിദ്ധ്യം കൂടി ഉണ്ടായിരിക്കണമെന്ന അഭിപ്രായമാണെനിക്കുള്ളതു്. പത്രപ്രവർത്തകരുടെയും, അഭിഭാഷകരുടെയും പ്രാതിനിദ്ധ്യം ഇതിൽ ഉണ്ടായിരിക്കുന്നതു് നന്നായിരിക്കും. അങ്ങനെ സാമൂഹ്യരംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന വിവിധ ഘടകങ്ങളുടെ പ്രാതിനിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണു്.

സർ, മറ്റു വകുപ്പുകളെപ്പറ്റി പല സുഹൃത്തുക്കളും ഇവിടെ പറഞ്ഞിട്ടുണ്ടു് കൂടുതലായി അതിലേക്കു് ഞാൻ കടക്കുന്നില്ല. കൂടുതൽ പറയാനുള്ളതു് മറ്റു ഘട്ടങ്ങളിൽ പറയാമെന്നു് വിചാരിക്കുന്നു.

പ്രധാനമായി ഈ ബില്ലിനെ സംബന്ധിച്ചു് പറയുമ്പോൾ, ജനങ്ങൾക്കു് കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിനു്, പദ്ധതി പ്രവർത്തനങ്ങൾക്കു് കൂടുതൽ പുരോഗതി കൈവരുത്താൻ അവരെ സജീവമായി സഹകരിക്കുന്നതിനു് ഗവണ്മെന്റു് ഇതിൽ മടി കാണിച്ചിട്ടുണ്ടു്, തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനമായി ഇതിനെ മാറ്റുന്നതിനു് വിസമ്മതം കാണിക്കുന്നു. ഈ ബിൽ ആക്റ്റായി നടപ്പാക്കുമ്പോൾ ജനങ്ങൾക്കു് പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കും ഉത്തരവാദിത്വവും നൽകത്തക്ക വിധത്തിൽ, ഭരണത്തിൽ കൂടുതൽ പങ്കു നൽകത്തക്ക വിധത്തിൽ നമ്മുടെ രാജ്യത്തു് നിലവിലുള്ള ബ്യൂറോക്രസിയെ തകർക്കത്തക്കവിധത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സെലക്റ്റു കമ്മിറ്റി ശ്രദ്ധിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. അച്യുതമേനോൻ; സർ, കേരളാ പഞ്ചായത്തു യൂണിയൻ കൗൺസിൽ ആൻഡു് ജില്ലാ പരിഷത്തുബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ഈ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ, ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ടു് നടത്താൻ ആവശ്യമായ വിധത്തിൽ, വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും കാര്യമായിട്ടുള്ള നിർദ്ദേശങ്ങൾ അതിൽ ഉണ്ടാകുമെന്നാണു് പ്രതീക്ഷിച്ചിരുന്നതു്. നിർഭാഗ്യവശാൽ, ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ അങ്ങനെ കാര്യമായ നിർദ്ദേശങ്ങൾ ഒന്നും ഇല്ല, വളരെ നിരാശാജനകമായ ഒരു ബില്ലാണു് ഇതെന്നു് പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. നാം മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാന ഘട്ടത്തിലാണു് നില്ക്കുന്നതു്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചു്, പ്ലാൻപ്രവർത്തനങ്ങളുടെ രീതിയെ സംബന്ധിച്ചു് പ്രത്യേകിച്ചു് ഇപ്പോൾ വളരെ ഗൗരവമായിട്ടുള്ള ചർച്ചകൾ ഉന്നതനിലവാരത്തിൽ നടന്നുകൊണ്ടിരിക്കുകയാണു്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പു്, പാർലമെന്റിൽ മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ വിലയിരുത്തലിനെപ്പറ്റി നടന്ന ചർച്ചയിൽ ഉന്നയിക്കപ്പെട്ട ഒരു പ്രധാന വിഷയം, ജനങ്ങളെ എങ്ങനെ പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ സഹകരിപ്പിക്കാൻ സാധിക്കും, ഭരണയന്ത്രം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനു് എങ്ങനെ സാധിക്കും എന്നുള്ളതായിരുന്നു. കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി, ശ്രീ. നന്ദാ, ഈ കാര്യത്തിനുവേണ്ടി ഒരു ഭരണപരിഷ്ക്കാര കമ്മിഷനെത്തന്നെ നിയമിക്കാൻ ആലോചിക്കുന്നുണ്ടെന്നു പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടു്. അതിന്റെ പ്രാരംഭപ്രവർത്തനമായി ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാർതന്നെ ചില പരിശോധനകൾ ആരംഭിച്ചുകഴിഞ്ഞിട്ടുമുണ്ടു്. അത്രമാത്രം ഉന്നതനിലവാരത്തിലുള്ള ചിന്തകളും, സമീപനവും ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്ന ഒരു സന്ദർഭത്തിലാണു് നമ്മുടെ മുമ്പാകെ ഈ ബിൽ വന്നിരിക്കുന്നതു്. ഈ ബില്ലിൽ, ഇതിനുമുമ്പു് ഈ വിഷയത്തെ സംബന്ധിച്ചു് ചർച്ച ചെയ്തിരുന്ന കമ്മിറ്റി അംഗീകരിച്ചിട്ടുള്ള നിലപാടുപോലും, അതുപോലും ഇതിൽ സ്വീകരിച്ചുകാണുന്നില്ലെന്നാണു് മനസ്സിലാകുന്നതു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു്, ഇതു വളരെ നിരാശാജനകമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബില്ലാണെന്നു്. കേരളത്തിൽ, 1958–ൽ ഒരു ഭൈപരിഷ്ക്കാരക്കമ്മിറ്റി നിയമിക്കപ്പെട്ടു. എന്താണു് അതേ കാലഘട്ടത്തിലാണെന്നു തോന്നുന്നു, 1957–ൽ, ബലവന്ത്റായി മേത്തയുടെ അദ്ധ്യക്ഷതയിൽ, അഖിലേൻഡ്യാടിസ്ഥാനത്തിൽ ഈ കാര്യം പരിശോധിക്കാൻ ഒരു കമ്മിറ്റിയും നിയമിക്കപ്പെട്ടതു്. കേന്ദ്രത്തിലും, കേരളത്തിലും നിയമിക്കപ്പെട്ട രണ്ടു കമ്മിറ്റികളും റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുണ്ടു്. ആ രണ്ടു റിപ്പോർട്ടുകളിലേയും സമീപനം പരിശോധിച്ചാൽ ചില വ്യത്യാസം കാണാവുന്നതാണു്. അതിന്റെ വിശദാംശങ്ങളിലേക്കു് കടക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. പദ്ധതികളും നടപ്പിലാക്കുന്ന കാര്യത്തെ സംബന്ധിച്ചും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ചും ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങൾക്കും ഏകരൂപത്തിലുള്ള കുറേ അനുഭവങ്ങളും ഉണ്ടായിരിക്കും. അതുകൊണ്ടു് അഖിലേൻഡ്യാടിസ്ഥാനത്തിൽ തന്നെ ഈ കാര്യം ചർച്ചനടത്തി ചില നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടു്. പക്ഷേ, കേരളത്തിലെ പ്രത്യേക അനുഭവംവച്ചുകൊണ്ടും, ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചും ഇവിടെ നിയമിക്കപ്പെട്ട ഭരണപരിഷ്ക്കാരക്കമ്മിറ്റി, ഇവിടത്തെ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടാണു്, റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു്. രണ്ടു റിപ്പോർട്ടുകളുടെയും അഭിപ്രായങ്ങളും തമ്മിലുള്ള മൗലികമായ വ്യത്യാസം ചൂണ്ടിക്കിപ്പറയാം. കേരളത്തിലെ ഭരണപരിഷ്ക്കാരക്കമ്മിറ്റിയുടെ സമീപനം, വികസനപ്രവർത്തനങ്ങൾക്കു് ഒരു പ്രത്യേക വകുപ്പും, അതിൽനിന്നു് വ്യത്യസ്തമായി ഭരണപരമായി ഒരു പ്രത്യേക വകുപ്പും തിരിച്ചിരിക്കുന്നതുകൊണ്ടാണു് ജനകീയ സഹകരണം കൂടുതൽ ഉണ്ടാകാത്തതും, പഞ്ചായത്തുകളും കാര്യക്ഷമമായി നടത്താൻ സാധിക്കാത്തതും എന്നതാണു്. അതുകൊണ്ടു് പെട്ടെന്നു സാധിച്ചില്ലെങ്കിലും, കാലക്രമേണ എല്ലാത്തരത്തിലുള്ള ചുമതലകളും, പ്രവർത്തനങ്ങളും ഇൻഗ്രേറ്റു ചെയ്യണമെന്നുള്ള അടിസ്ഥാനത്തിലാണു് റിപ്പോർട്ടു് സമർപ്പിച്ചതു്. ആ സമീപനം ബലവന്ത്റായി കമ്മിറ്റി അംഗീകരിച്ചിട്ടില്ല. വികസനപ്രവർത്തനംമാത്രം ജനകീയമായിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരിക, അതിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകരണം നടത്തുക എന്ന ഒരു സമീപനമാണു് അതിൽ സ്വീകരിച്ചിട്ടുള്ളതു്. അതിനെപ്പറ്റി കൂടുതൽ പറയുന്നില്ല. ബലവന്ത്റായി കമ്മിറ്റിയുടെ ശുപാർശ അഖിലേൻഡ്യാ പാറ്റേൺ വേണമെന്നുള്ളതായതുകൊണ്ടു്, ആ അടിസ്ഥാനത്തിൽവേണം ഇവിടെയും നിയമനിർമ്മാണം നടത്തേണ്ടതെന്ന അഭിപ്രായമാണുള്ളതെങ്കിൽ അതിനു വിരോധമില്ല. എന്നാൽ കേരളത്തിലെ സവിശേഷതകളും പരിഗണിക്കാതെ രൂപപ്പെടുത്തിയിട്ടുള്ള ഒരു ബില്ലാണു് ഇതെന്നാണു് എന്റെ അഭിപ്രായം. പല കാര്യങ്ങളും ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞുകഴിഞ്ഞു.

നാം ഈ നിയമസഭയിൽ പാസ്സാക്കിയ പഞ്ചായത്തു് ആക്റ്റിനെത്തന്നെ നിശ്ശേഷമോക്കുന്നു, തകർക്കുന്നു ഒരു ബില്ലാണു് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നാണു് എന്റെ അഭിപ്രായം. പഞ്ചായത്തു് ബിൽ അവതരിപ്പിച്ചു്, നിയമസഭയിൽ ചർച്ച നടന്നുകൊണ്ടിരുന്ന അവസരത്തിൽത്തന്നെ അംഗീകരിച്ച ഒരു തത്വത്തിനു് വിരുദ്ധമാണിതു്. അന്നു പഞ്ചായത്തുബിൽ അവതരിപ്പിച്ച അന്നത്തെ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ള വ്യക്തമായ ഒരു സമീപനം എടുത്തിരുന്നു. പഞ്ചായത്തുകൾക്കു് വിപുലമായ അധികാരങ്ങൾ നൽകുക; കഴിവുള്ളിടത്തോളം ധനപരമായ കഴിവുണ്ടാക്കുക എന്നു്. അതിനു മുകളിൽ ബ്ലാക്ക് നിലവാരത്തിലും, ജില്ലാ നിലവാരത്തിലും അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നതിൽ അദ്ദേഹത്തിനു് താല്പര്യം ഉണ്ടായിരുന്നില്ല. അന്നത്തെ ചർച്ചാവേളയിൽ ഞങ്ങളും, പഞ്ചായത്തുകൾക്കു് കൂടുതൽ ധനപരമായ കഴിവുണ്ടാക്കുന്നതിനെ സ്വാഗതം ചെയ്തിരുന്നു. അവിടംകൊണ്ടു് അതു് അവസാനിക്കാൻ പാടില്ല, അതിനുപരിയായിട്ടു് വികേന്ദ്രീകരണംകൂടി ആവശ്യമാണെന്നും വാദിച്ചിരുന്നു. അന്നു് അദ്ദേഹം അതിനു് വ്യക്തമായ അഭിപ്രായം പറഞ്ഞില്ല. തൽക്കാലം പഞ്ചായത്തുകളുടെ കാര്യം നടക്കട്ടേ, അതിനുപരി അധികാരം കളക്റ്റർമാർക്കും, ആർ. ഡി. ഓ. മാർക്കും കൂടുതലായി ഇരിക്കട്ടേ എന്ന ഒരു സമീപനമായിരുന്നു സ്വീകരിച്ചതു്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്കു് കൂടുതൽ സാമ്പത്തിക കഴിവുണ്ടാക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

നുള്ള ഒരു ബിൽ ഇവിടെ പാസ്സാക്കി. കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതി വച്ചുനോക്കുകയാണെങ്കിൽ അതു് ശരിയായിരുന്നു എന്നാണെന്റെ അഭിപ്രായം. പഞ്ചായത്തു രാജിനെക്കുറിച്ചും, ഗ്രാമസ്വരാജിനെക്കുറിച്ചും പറയുമ്പോഴും ഇൻഡ്യയിൽ അതു് ഒരു ചെറിയ ഘടകമാണു്. 500 ആളുകളും അല്ലെങ്കിൽ 1000 ആളുകളും ഉള്ള ഒരു ചെറിയ ഗ്രാമത്തിന്റെ കാര്യമാണു് പറയുന്നതു്. അത്തരം പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്കു് ചെറിയ അധികാരങ്ങളും മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളു. പരിമിതമായ അധികാരങ്ങളേ അവയ്ക്കു നടപ്പാക്കാൻ കഴിയുകയുള്ളു. പ്രത്യേകമായിട്ടുള്ള സപ്ലീസുകളും, എക്സ്ക്യൂട്ടീവു് ആഫീസറന്മാരും, വിപുലമായ സന്നാഹങ്ങളും സജ്ജീകരണങ്ങളും ഉണ്ടാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു് അവിടെയെല്ലാം ഗ്രാമസഭകൾക്കു മുകളിൽ പഞ്ചായത്തു യൂണിയൻ കൗൺസിലുകളാണു് ഭരണം നടത്തുന്നതു്. ഇൻഡ്യയിലെ മറ്റു പ്രദേശങ്ങളിലെ അനുഭവം ഇതാണു്. എന്നാൽ, കേരളത്തിന്റെ പ്രത്യേകത വച്ചുനോക്കിയാൽ ഇതു ഇവിടെ സ്വീകാര്യമായിരിക്കുകയില്ല. ഇവിടെ 500-ഓ, 1000-മോ ജനസംഖ്യയുള്ള ഒറ്റ പഞ്ചായത്തുപോലും കാണുകയില്ല. നമ്മുടെ പഞ്ചായത്തു് അതിത്തികൾ തിരിച്ചു, അവസരത്തിൽ, പതിനായിരത്തിനു മീതേയും, മുപ്പതിനായിരത്തിനു താഴെയുമായി ജനസംഖ്യയുള്ള പഞ്ചായത്തുകളായിട്ടാണു് വിഭജിച്ചതു്. സാമ്പത്തികമായിട്ടുള്ള കഴിവു നോക്കുകയാണെങ്കിൽ, പതിനായിരം രൂപാ മുതൽ ഒരു ലക്ഷം രൂപവരെയും, ഒരു ലക്ഷത്തിനുമേലും പ്രതിവർഷം വരുമാനമുള്ള പഞ്ചായത്തുകളും കേരളത്തിലുണ്ടു്. അതുകൂടാതെ, അങ്ങനെയുള്ള പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്കു് പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടത്തുന്നുണ്ടു്. ഈ വസ്തുതകളും പരിശോധിക്കുമ്പോൾ, കേവലം 500 ജനങ്ങളും ഉൾക്കൊള്ളുന്ന ഗ്രാമസഭകൾക്കു് നൽകുന്ന അധികാരങ്ങളും ഇവിടത്തെ പഞ്ചായത്തുകൾക്കു് കൊടുത്താൽ മതിയോ എന്നാലോചിക്കണം. അങ്ങനെയാണെങ്കിൽ ഈ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഒന്നും ആവശ്യമില്ലല്ലോ. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു്, ജാഥാ നയിക്കൽ, പ്രചരണങ്ങളും, തിരഞ്ഞെടുപ്പിനു് കണ്ടമാനം പണം ചെലവു ചെയ്യുക എന്നതുടങ്ങി ഒന്നുംതന്നെ ആവശ്യമില്ലാത്തതാണു്. അതുകൊണ്ടു് കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതിവച്ചുകൊണ്ടു് നിലവിലുള്ള പഞ്ചായത്തു് ആക്ടിൽ കൂടുതൽ അധികാരങ്ങളും കൊടുക്കാൻ കഴിയും. അങ്ങനെ സുശക്തമായിട്ടുള്ള പഞ്ചായത്തുകളുടെ നിലനിൽപ്പിനുവേണ്ടി ശ്രമിക്കുകയാണു വേണ്ടതെന്നാണു് എന്റെ വ്യക്തമായ അഭിപ്രായം. ശ്രീ. പട്ടം അന്നു കൊണ്ടുവന്ന ബില്ലിലെ അധികാരംപോലും പോരാ, എന്ന അഭിപ്രായമാണുണ്ടായിരുന്നതു്. ഇന്നാണെങ്കിൽ, അന്നു് പഞ്ചായത്തിനു് കൊടുത്തിരുന്ന അധികാരങ്ങളും പഞ്ചായത്തു യൂണിയൻ കൗൺസിലിനു് നൽകിയിരിക്കുകയാണു്. സമയം കുറവായതുകൊണ്ടു് രണ്ടും താരതമ്യംചെയ്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രത്യേകം നോട്ടുചെയ്തുകൊണ്ടു വന്നിരുന്നു. ഇപ്പോഴും കൂടുതൽ പറയാൻ ഉദ്ദേശിക്കുന്നില്ല. 1960-ലെ പഞ്ചായത്തു ആക്ടിൽ, പഞ്ചായത്തുകൾക്കു് കൊടുത്തിരുന്ന അധികാരങ്ങളും ചുമതലകളും ഇന്നു് പഞ്ചായത്തു യൂണിയൻ കൗൺസിലിനു് കൊടുത്തിരിക്കുകയാണു്

**Mr. Speaker**: The hon. Member can take his own time.

ശ്രീ. കെ. എ. ദാമോദരമേനോൻ: ശ്രീ. അച്യുതമേനോനു് ആവശ്യമുള്ള സമയം എടുത്തു പ്രസംഗിക്കുന്നതിൽ എനിക്കു് സന്തോഷമേയുള്ളു.

ശ്രീ. സി. അച്യുതമേനോൻ: എന്നാൽ പറയാം. പഞ്ചായത്തു ആക്ടിൽ 57-ാം വകുപ്പു പഞ്ചായത്തിന്റെ അധികാരങ്ങളെയും ചുമതലയേയും കുറിക്കുന്നതാണു്. അതിന്റെ 'എ' വകുപ്പിൽ പറയുന്നതു് ദേശീയപാതകളേ, സംസ്ഥാനപാതകളേ ഡി. റോഡുകളും ഇവയെല്ലാം ഒഴിച്ചുള്ള റോഡുകളും പഞ്ചായത്തിനുകീഴാണെന്നാണു്. അതുതന്നെയാണു് ഇപ്പോഴും ഈ ബില്ലിലെ 42-ാം വകുപ്പിൽ പറയുന്നതും. 42 (ബി)യിൽ, പറയുന്നു

LIBRARY ARCHIVES Kerala Legislative Assembly

42(b) construction, repair and maintenance of all public roads within the Union other than National Highways, State Highways and District Roads.

അതുപോലെതന്നെ പഞ്ചായത്തു ആക്ററു 57-ാം വകുപ്പു (എച്ചു)ൽ പറയുന്നതും ഈ ബില്ലിൽ 42-ാം വകുപ്പിൽ(ജി)യിൽ പറയുന്നതും ഒന്നാണു, ഫിഷറീസു. അതുതന്നെയാണു പഞ്ചായത്തു ആക്ടിൽ 57-ാം വകുപ്പു (2) (7)-ൽ പറയുന്നതും. അഗ്രികൾച്ചറൽ ഇംപ്രൂവ്മെൻറു, കോട്ടേജു ഇൻഡസ്ട്രീസു, മൈനർ ഇറിഗേഷൻ, വെറററിനറി, റിലീഫു തുടങ്ങിയ പല കാര്യങ്ങളും ഈ ബില്ലിൽ 42-ാം വകുപ്പിൽ പല വിഭാഗങ്ങളിലായി ചേർത്തിട്ടുണ്ടു. അതുതന്നെ പഞ്ചായത്തു ആക്ററിലും ഉണ്ടു ഇങ്ങനെ ഇതു രണ്ടുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ പഞ്ചായത്തിനു കൊടുത്തിട്ടുള്ള അധികാരങ്ങളും തന്നെയാണു യൂണിയൻ കൗൺസിലുകൾക്കും പഞ്ചായത്തു സമിതികൾക്കും കൊടുത്തിട്ടുള്ളതെന്നു കാണാൻ കഴിയും.

ശ്രീ. കെ. എ. ദാമോദരമേനോൻ: 48-ാം വകുപ്പുകൂടി വായിക്കണമെന്നു എനിക്കപേക്ഷയുണ്ടു.

ശ്രീ. സി. അച്യുതമേനോൻ: അതു ഇങ്ങനെയാണു:

48. Entrusting of functions of Councils to Panchayats: A Council, may, subject to the provisions of this Act and the rules made there under entrust a Panchayat within its jurisdiction, with its consent and on such terms as may be agreed upon, the management of any institution or the execution or the maintenance of any work or the performance of any duty, which the Council is bound to execute, maintain or perform.

അതു ശരി. ഇതിന്റെ അർത്ഥം എന്താണു. ഈ ബിൽപ്രകാരം, പഞ്ചായത്തു യൂണിയൻ കൗൺസിലിനു നൽകപ്പെട്ടന്ന അധികാരം വേണമെങ്കിൽ അതിനു കീഴിലുള്ള പഞ്ചായത്തുകൾക്കുനൽകാം എന്നാണു. അതു ശരിയാണു. ഞാൻ ചോദിക്കുന്നു, എന്തിനാണു ഇങ്ങനെ എഴുതിവച്ചിരിക്കുന്നതു? നിയമപ്രകാരം പഞ്ചായത്തുകൾക്കു കൊടുത്തിട്ടുള്ള അധികാരങ്ങളും എടുത്തു യൂണിയൻ കൗൺസിലുകൾക്കു കൊടുത്തിട്ടു നിങ്ങൾക്കിഷ്ടമുള്ള പക്ഷം രണ്ടാമതു പഞ്ചായത്തുകൾക്കു കൊടുക്കാമെന്നു. ഇങ്ങനെ ഒരുകൈകൊണ്ടെടുത്തു പിന്നെ മറെറ കൈകൊണ്ടു കൊടുക്കാതിരിക്കുന്നമാതിരി എഴുതിവച്ചിരിക്കുന്നതിന്റെ ആവശ്യം എന്താണു? പഞ്ചായത്തു നേരിട്ടു തിരഞ്ഞെടുക്കപ്പെടുന്നതും യൂണിയൻ കൗൺസിൽഅങ്ങനെ അല്ലാത്തതുമാണു. അധികാരവികേന്ദ്രീകരണമെന്നെല്ലാം പറയാറുണ്ടെങ്കിലും പ്രായോഗികമായി നടപ്പിൽ വരുത്തുവാൻ വിഷമമാണു. ഒരു പ്രധാനപ്പെട്ടകാര്യം അതു വേണമെന്നു അവർ പറഞ്ഞാലും പ്രായോഗികമായി നടപ്പിലാക്കുവാൻ പ്രയാസമുണ്ടു., കടിയുണ്ടു. യൂണിയൻ കൗൺസിലിനെപ്പററി നോക്കുകയാണെങ്കിൽ.....

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ ഒരു ഉദാഹരണം പറയാം, ഒരു പെറിയ പഞ്ചായത്തിന്റെ അധികാര പരിധിയിൽ ജലസേചനത്തിനു സൗകര്യമില്ല. ഇതിനേക്കാളും ധനാഗമമാർഗ്ഗമുള്ള മറെറാരു പഞ്ചായത്തിൽ അതിനു സൗകര്യവുമുണ്ടെങ്കിൽ ഈ പെറിയ പഞ്ചായത്തിനു മറെറ പഞ്ചായത്തിന്റെസഹകരണത്തോടുകൂടി ഇതു നിറവേറാൻ സാധിക്കുകയില്ലേ? അതല്ലേ നല്ലതു.

ശ്രീ. സി. അച്യുതമേനോൻ: അതിനു പഞ്ചായത്തു ആക്ററു പ്രകാരം യാതൊരു തടസ്സവും ഇല്ലല്ലോ? ഒന്നിലധികം പഞ്ചായത്തുകളും കൂട്ടിച്ചേർത്തുകൊണ്ടു പൊതുവായ കാര്യങ്ങളും നടത്തുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ടു. മൈനർ ഇറിഗേഷൻ വർക്കുതന്നെ ഒരു പഞ്ചായത്തിന്റെ പരിധിയിൽ ഒതുങ്ങിനിൽക്കുന്നതല്ലെങ്കിൽ കൗൺസിൽ ഏറെറടുക്കുന്നതിനും വിരോധമില്ല. പക്ഷെ പഞ്ചായത്തിനു കഴിവുള്ളതാണെങ്കിൽ എന്തുകൊണ്ടു കൊടുത്തുകൂടാ. പിന്നെയും, ഈ പിശുക്കു കാണിക്കുന്നതെന്തിനാണു. ഒരിക്കൽ കൊടുത്തതു എടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

പിന്നീട് കെട്ടുത്തു എന്നുപറഞ്ഞിട്ട് നീട്ടിവലിക്കുകയും ചെയ്യുന്ന ആ സമീപനം എന്തിനാണു്? അതിനോടാണു് എനിക്കെതിർപ്പുള്ളതു്. അതു കൊണ്ടു് പഞ്ചായത്തു യൂണിയനുകളും സമതികളും വരുന്ന സന്ദർഭത്തിൽ പഞ്ചായത്തിന്റെ അടിവ്വേരുകൾ അവ സുശക്തമായ സ്വയംഭരണ സ്ഥാപനങ്ങളായി വളരുന്നതിനു് എതിരായി വരുന്നതു്. അതു വളരെ തെറ്റാണു്. മറ്റൊരു കാര്യം കൂടി എനിക്കു പറയാനുണ്ടു്. പഞ്ചായത്തുകളും ഇന്നു പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളാണു്. പ്രത്യേകം ഊന്നിപ്പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. കാരണം പഞ്ചായത്തു യൂണിയൻ കൗൺസിൽ നേരിട്ടല്ലാതെയുള്ള തെരഞ്ഞെടുപ്പിൽ കൂടി വരുന്ന സ്ഥാപനമാണു്. നേരിട്ടല്ലാതെ വരുന്ന സ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരം കൊടുക്കുക, നേരിട്ട തെരഞ്ഞെടുപ്പിൽ കൂടി വന്ന പഞ്ചായത്തുകൾക്കു മുമ്പു് ഉണ്ടായിരുന്ന അധികാരം മാറ്റാൻ ഇടവരിക. ഈ സമീപനം ഒരിക്കലും ന്യായീകരിക്കാൻ സാധ്യമല്ല. നേരേ മറിച്ചാണു് വേണ്ടതു്. നേരിട്ട വന്നതിനു കൂടുതൽ അധികാരം കൊടുക്കുകയും മറ്റേതിനു് അത്രമാത്രം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു സമീപനമായിരുന്നു കുറച്ചുകൂടിശരിയായതു്. ഇതിന്റെ അർത്ഥം പഞ്ചായത്തിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കുവാൻ സാധിക്കാതെ എല്ലാ കാര്യങ്ങൾക്കും കൗൺസിലിന്റെ അനുമതി വാങ്ങേണ്ടിയിരിക്കുന്നു. ഉദാഹരണമായി വില്ലേജു റോഡു്, ശുചീകരണം, വിളക്കുവയ്പ്പു്, മൈനർ ഇറിഗേഷൻവർക്കുകൾ തുടങ്ങിയവ പഞ്ചായത്തിനെ ഏല്പിക്കുകയാണെങ്കിൽ അവയ്ക്കു ഭംഗിയായും കൂടുതൽ എളുപ്പമായും നടപ്പാക്കുവാൻ കഴിയുന്നതാണു്. അധികാരവികേന്ദ്രീകരണത്തിന്റെ ഏറ്റവും പ്രധാനമായ തത്വം ജനങ്ങളെ കൊണ്ടു് അത്തരം കാര്യങ്ങൾ നിറവേറ്റപ്പെടണമെന്നുള്ളതാണു്. താമസിക്കുന്ന സ്ഥലത്തിന്റെ തൊട്ട അടുത്തുള്ളവർക്കു് ആപ്രദേശത്തെ വികസനപ്രവർത്തനങ്ങളിൽ കൂടുതൽ താല്പര്യം ഉണ്ടാകും. ഇതുപോലുള്ളകാര്യങ്ങൾ എത്രയോ ഭംഗിയായി നടത്തിയിട്ടുണ്ടു്. ഇന്നാണെങ്കിൽ താലൂക്കുതോറും, അല്ലെങ്കിൽ ബ്ലോക്കുതോറും നടക്കേണ്ടിയിരിക്കുന്നു. അതുമല്ല അതിനുമപ്പുറത്തേയ്ക്കു് പോകേണ്ടിയിരിക്കുന്നുവെന്നു പറഞ്ഞാൽ അതു ഒരിക്കലും വികസന പ്രവർത്തനങ്ങളുടെ ശീഘ്രഗതിയിലുള്ള നീക്കത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും സഹായകരമാകുകയില്ല. കഴിയുന്നിടത്തോളം കാര്യങ്ങൾ വികേന്ദ്രീകൃത അടിസ്ഥാനത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ നൽകിയിട്ടില്ല. കുറെ അധികാരങ്ങൾ യൂണിയൻ കൗൺസിലിനു കൊടുത്തിരിക്കുകയാണു്. മൗലീകമായി ഈ ബില്ലിന്റെ തത്വത്തോടു തന്നെ എതിർപ്പുണ്ടു്.

മറ്റൊരുകാര്യം ഇതിന്റെ നികുതി പിരിക്കുന്നതിനുള്ള അവകാശത്തെ പറ്റിയാണു്. ഇതിൽ ഒരു ബുദ്ധിമുട്ടുണ്ടു്. അധികാരമില്ലാത്ത പഞ്ചായത്തുകൾ നികുതിപിരിച്ചാൽ തന്നെ ആളുകൾക്കു വെറുപ്പുണ്ടാകും. ഈ രണ്ടു് ആക്ടും കൂടി നോക്കുകയാണെങ്കിൽ നികുതി പിരിക്കുവാനുള്ള കൂടുതൽ അധികാരം പഞ്ചായത്തു് ആക്ടിൽ ഉണ്ടു്. പഞ്ചായത്തു് ആക്ടു പ്രകാരം പിരിക്കാവുന്ന നികുതികൾ ഭൂമിയിൽ നിന്നും പിരിക്കുന്ന വരി, ശുചീകരണം, ജലവിതരണം, തോട്ടവേല തുടങ്ങിയ സർവ്വീസുകൾക്കുള്ള നികുതി; വസ്തു കൈമാറ്റം ചെയ്യുമ്പോഴുള്ള നികുതി, പ്രദർശന നികുതി ഈ നികുതികൾക്കും പുറമേ പിന്നെ അടിസ്ഥാന നികുതിയിൽനിന്നുള്ളവിഹിതം കൂടി കൊടുത്തിട്ടുണ്ടു്. കെട്ടിട നികുതി പിരിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ടു്, തൊഴിൽ നികുതി പിരിക്കാനുള്ള അവകാശം നൽകിയിട്ടുണ്ടു്. ഇത്രയധികം നികുതികൾ പിരിക്കാനുള്ള അവകാശം കേരളാ പഞ്ചായത്തു് ആക്ടുപ്രകാരം കൊടുത്തിട്ടുണ്ടു്. യൂണിയൻ കൗൺസിലുകൾക്കു് ഇതൊന്നും കൊടുത്തിട്ടില്ല. നികുതി പിരിക്കുവാനുള്ള അവകാശം കൂടുതൽ കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. യാതൊരു അധികാരവുമില്ലാത്ത പഞ്ചായത്തുകൾ നികുതി ചോദിച്ചാൽ സ്വാഭാവികമായും ആളുകൾക്കു നികുതി കൊടുക്കുന്നതിൽ വെറുപ്പുണ്ടാകും. പ്രായോഗികമായി നോക്കുകയാണെങ്കിൽ ഈ ആക്ടിൽ പഞ്ചായത്തിനുണ്ടായിരിക്കേണ്ട അധികാരങ്ങൾ യൂണിയൻ കൗൺസിലിനു കൊടുത്തു് ന്യായീകരിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസറുടെ കാര്യം. ഓരോ ബ്ലാക്കിലും പഞ്ചായത്തുകളും കൂട്ടിച്ചേർത്തുകൊണ്ട് യൂണിയൻ കൗൺസിലുകൾ രൂപീകരിക്കുമെന്നു വിചാരിക്കുന്നു. ഇവിടെ ബ്ലാക്ക് എന്നു പ്രത്യേകമായി എടുത്തു പറഞ്ഞിട്ടില്ല എങ്കിലും അതാണ് ഉദ്ദേശം എന്നു മനസ്സിലാക്കുന്നു ബ്ലോക്കുകളുടെ കീഴിലുള്ള വികസന പ്രവർത്തനങ്ങൾ പ്രധാനമായും ദേശീയവികസനം, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് എന്നിവയാണ്. ഇന്നു ബ്ലോക്ക് അഡൈ്വസറി കമ്മിറ്റികൾ മാത്രമേ നിലവിലുള്ളൂ. ബ്ലോക്ക് അഡൈ്വസറി കമ്മിറ്റികൾ പ്ലാൻ ചെയ്യുന്നതാണ്. അവക്ക് ഉപദേശം കൊടുക്കുന്നതിനുള്ള അധികാരം മാത്രമേ ഉള്ളൂ. അവ മാറിയിട്ട് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി നിലവിൽ വരികയും അവക്ക് അധികാരം കൈമാറുകയും ചെയ്യണം എന്നാണ് ഈ ബില്ലിന്റെ ഉദ്ദേശം എന്നു തോന്നുന്നു. അതുതന്നെയാണ്, സ്വാഗതാർഹമാണ്. അതുതന്നെയും സമ്മതിക്കുവാൻ തയാറാണ്. അതിനെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ പ്രധാന സംഗതി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമാണ്. എനിക്ക് അഭിപ്രായപ്പെടാനുള്ളതു പഞ്ചായത്തിന്റെ പ്രമുഖതലയും പഞ്ചായത്തു കൗൺസിലിന്റെ പ്രമുഖതലയും വേർതിരിക്കുന്നതിനുള്ളമാർഗ്ഗം ഇതാണ്. കൗൺസിലിന്റെ പ്രമുഖതലയിൽ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം, അല്ലെങ്കിൽ നാഷണൽ എക്സ്റ്റൻഷൻ പ്രോഗ്രാം നടപ്പാക്കുക എന്നതായിരിക്കണം പ്രധാനം. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെന്നിച്ചു കോ—ഓർഡിനേറ്റു ചെയ്തു കൊണ്ടുപോകുക. ബ്ലാക്ക് ലവലിൽ അതു വേണ്ടിവരും. പഞ്ചായത്തിനെ അതിന്റെ പരിധിയിൽ ഒതുക്കി നിറുത്തിക്കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ പഞ്ചായത്തു യൂണിയൻ കൗൺസിലിനെ ഏല്പിക്കുക. ഇങ്ങനെയുള്ള ഒരു വിഭജനം നടപ്പിൽവരുത്തുകയാണെങ്കിൽ വലിയ കുഴപ്പം ഉണ്ടാകുകയില്ല. പ്രധാനമായിട്ടുള്ള പ്രമുഖതലകൾ നിറവേറ്റാൻ പഞ്ചായത്തു കൗൺസിലിനു എത്രത്തോളം അധികാരമുണ്ടെന്നുള്ളതു സംശയമാണ്. ഡെവലപ്പ്മെന്റ് ആഫീസർഗവണ്മെന്റ് ഉദ്യോഗസ്ഥനാണ്. അയാളുടെ പ്രമുഖതലാധികാരങ്ങൾ ഇവിടെ എഴുതി വച്ചിരിക്കുന്ന രൂപത്തിൽ പരിശോധിക്കുകയാണെങ്കിൽ യൂണിയൻ കൗൺസിലിന്റെ അധികാരം എത്രത്തോളം പരിമിതമാണെന്നു കാണാവുന്നതാണ്.

10 a. m. **Mr. Speaker :** Mr. Achutha Menon, you can continue next day, as it is now time for Private Members Business.

## Private Members Business.

**Shri K. V. Narayanan :** Sir, I move that the Fourth Report of the Committee on Private Members' Bills and Resolutions in 1964, be adopted.

**Smt. K. R. Saraswathi Amma :** I second it.

The motion was put and carried.

**Mr. Speaker :** Now we pass on to Resolutions on Matters of Greneral Public Interest.

## RESOLUTIONS.

### (1) Ayurvedic Medicines and Prohibition Act.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഞാൻ എന്റെ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നു:—

"ആയുർവേദ ചികിത്സയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ടോണിക്കുകളായ ആസവാരിഷ്ടങ്ങളുടെ മേൽ, മദ്യനിരോധന നിയമപ്രകാരം പ്രമത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എടുത്തുകളയണമെന്ന് ഈ സഭ തീരുമാനിക്കുന്നു."

2/1771/V,

LIBRARY ARCHIVES Kerala Legislative Assembly